(സി) ആലപ്പുഴ, ഇരിങ്ങാലക്കുട, പത്തനംതിട്ട, വയനാട്, എന്നീ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധിയിലുള്ള കുട്ടനാട്, കൊടുങ്ങല്ലൂർ, റാന്നി, സുൽത്താൻബത്തേരി എന്നീ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ ആസ്തി ബാദ്ധ്യതകളാണ് ഇനി വിജ്ഞിക്കുവാൻ പരിഗണനയിലുള്ളത്.

(ഡി) വിജ്ഞിക്കുവാൻ പോകുന്ന പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ പുതുതായി നിയമനങ്ങൾക്ക് അനുമതി നൽകിയിട്ടില്ല.

ആർട്ടിസ്റ്റുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് നടപടി

*7 [319] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്ട് വർക്ക് ചെയ്ത് ജീവിക്കുന്ന ഡിസൈനർ, മോൾഡർ, പെയിന്റർ, ചിത്രകാരൻ, ശില്പി എന്നീ വിഭാഗം തൊഴിലാളികൾക്ക് ഏതെങ്കിലും ക്ഷേമനിധി ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ നൽകുന്നുണ്ടോ;

(സി) ഈ വിഭാഗക്കാർക്ക് പ്രത്യേകമായി ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): (എ) ഈ വിഭാഗം തൊഴിലാളികൾക്ക് മാത്രമായി നിലവിൽ ഒരു പ്രത്യേക ക്ഷേമനിധി ഇല്ലാത്തതിനാൽ അസംഘടിത തൊഴിലാളികൾക്കായുള്ള കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവർക്ക് അംഗങ്ങളാകാവുന്നതാണ്.

(ബി) ഈ വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നില്ല. എന്നാൽ ചിത്രകല, ശിൽപകല തുടങ്ങിയ കലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരൻമാർക്ക് സാംസ്ക്കാരിക കാര്യ വകുപ്പ് മുഖാന്തിരം നടപ്പാക്കിവരുന്ന കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി അനുസരിച്ച് പെൻഷൻ നൽകുന്നുണ്ട്.

(സി, ഡി) കലാകാരൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സാംസ്കാരിക കാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഭാഗത്തിൽ വരുന്ന തൊഴിലാളികൾക്കുകൂടി ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ പരിഗണനയിലുള്ള 2005-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി നിയമത്തിൽ വ്യവസ്ഥയുണ്ട്.

കൊച്ചിയിലെ ഇറാലിയൻ ഫാഷൻ സിറ്റിയുടെ പ്രവർത്തനം

*8 [320] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ലൂഡി ലൂയിസ്:
,, വി. ഡി. സതീശൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly